**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 849** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏഴ് അംഗ സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനും പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനും ഏഴ് അംഗ സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ചിട്ടുള്ളതും തുടർന്ന് രണ്ട് അംഗങ്ങളെ കൂടി ടി സമിതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

**(ബി)** പ്രസ്തുത സമിതിയിൽ വിദഗ്ധർക്കൊപ്പം ഈ മേഖലയിൽ പരിചയമില്ലാത്ത ചിലരെ ഉൾപ്പെടുത്തിയെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഈ സമിതിയിൽ ഉറപ്പാക്കിയിട്ടുണ്ടോ;

**<u>മറുപടി:</u>** ഇല്ല

**(ഡി)** മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവഹിച്ച പങ്ക് വിലയിരുത്തി സമിതി പുന:സംഘടിപ്പിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**